സർക്കാർ ഭൂമി കയ്യേറുന്നവർക്കെതിരെ നടപടി

10 (*400) ശ്രീ. കെ. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമി കയ്യേറുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നേരത്തെയുള്ള ഭൂസംരക്ഷണ നിയമ (കെ.എൽ.സി. ആക്ട്)ത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ് ;

(സി) ഭേദഗതി വരുത്തിയ ഭൂസംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ നിയമ പ്രകാരം ഉദ്യോഗസ്ഥരുടെ പേരിൽ കേസ്സുകൾ എടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) സർക്കാർ ഭൂമിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഭൂസംരക്ഷണ നിയമം 1957 പ്രകാരം നടപടി സ്വീകരിച്ച് കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ മാറിയ സാമൂഹ്യ സാഹചര്യങ്ങളിൽ പ്രസ്തുത നിയമത്തിലെ ശിക്ഷാ നിയമങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനാണ് 2009 ഭൂസംരക്ഷണ നിയമം ഭേദഗതി ചെയ്തത്. 2009-ലെ ഭൂസംരക്ഷണ നിയമത്തിന്റെ ഭേദഗതിയിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കോ സഹായം ചെയ്തുകൊടുക്കുന്നവർക്കോ 3 മുതൽ 5 വർഷംവരെയുള്ള തടവു ശിക്ഷയും 50,000 രൂപ മുതൽ 2,00,000 രൂപ വരെയുള്ള പിഴ ശിക്ഷയും വ്യവസ്ഥ ചെയ്യുന്നുണ്ട്. സർക്കാർ ഭൂമിയുടെ സംരക്ഷണവും പരിരക്ഷയും വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമാണ്. കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ വില്ലേജ് ഓഫീസർ തഹസീൽദാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും തഹസീൽദാർ ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) 1957-ലെ ഭൂസംരക്ഷണ നിയമം കൂടുതൽ ശക്തമാക്കിക്കൊണ്ട് 2009-ൽ ഭേദഗതി നിയമം കൊണ്ടുവന്നിട്ടുള്ളതാണ്. ഈ നിയമത്തിൽ സർക്കാർ ഭൂമി അനധികൃതമായി കൈയേറുന്നവർക്കെതിരെ വകുപ്പ് 7 പ്രകാരം 3 മുതൽ 5 വർഷം വരെ ജയിൽവാസവും 50,000 രൂപയിൽ കുറയാത്ത പിഴയും ഉൾപ്പെടെയുള്ള ശിക്ഷ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഭേദഗതി നിയമത്തിലെ വകുപ്പ് (ബി) പ്രകാരം സർക്കാർ ഭൂമി അനധികൃതമായി കരണം നടത്തുന്നതിനും അന്യാധീനപ്പെടുത്തുന്നതിനും സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കടുത്ത ശിക്ഷാ വിധികൾ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി നിയമം 9(2) പ്രകാരം സർക്കാർ ഭൂമി കൈയേറുന്നത് അറിഞ്ഞുകൊണ്ടുള്ള നിയമ ലംഘനമായതിനാൽ (കൊഗ്നൈസബിൾ) ജാമ്യം ലഭിക്കാത്ത കുറ്റമായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. വകുപ്പ് 13(1) പ്രകാരം സിവിൽ കോടതിയുടെ ടി വിഷയത്തിലുള്ള അധികാരം എടുത്തുകളഞ്ഞിട്ടുള്ളതും വകുപ്പ് 9(1) പ്രകാരം ചീഫ് ജുഡീഷ്യൽ കോടതികൾക്ക് പുറമ്പോക്ക് കയ്യേറ്റ കേസുകളിൽ വിചാരണ ചെയ്യുവാൻ അധികാരം കൊടുത്തിട്ടുള്ളതുമാണ്.

(സി) ഭേദഗതി വരുത്തിയ ഭൂസംരക്ഷണ നിയമ പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 552 - കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഈ നിയമ പ്രകാരം ഉദ്യോഗസ്ഥരുടെ പേരിൽ നാളിതുവരെ കേസ്സുകൾ എടുത്തിട്ടില്ല.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം

11 (*401) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ലസ്റ്റർ സമ്പ്രദായം, ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം എന്നിവമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ;

(സി) ബിരുദതലത്തിൽ ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തു മാത്രം പ്രയോജനപ്പെടും എന്ന് വിശദമാക്കുമോ ;

(ഡി) ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏതെല്ലാം വിഷയങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് ;

(ഇ) ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) ക്ലസ്റ്റർ സമ്പ്രദായത്തിലൂടെ സമീപസ്ഥമായ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും പങ്കിട്ടുകൊണ്ടും പൊതുവായ

അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly